**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3839** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജൈവാധിനിവേശ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവാധിനിവേശം വര്‍ദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ വേരോട്ടുകൂടി പിഴുതു മാറ്റിയും, തായ് തടിക്ക് ചുറ്റും ഒരു മീറ്റര്‍ നീളത്തില്‍ തൊലി ചെത്തി മാറ്റിയും, കെമിക്കല്‍ ട്രീറ്റ്മെന്റ് നടത്തിയും, ഇവയെ നശിപ്പിക്കുകയും വ്യാപനം നിയന്ത്രിക്കുകയും ചെയ്ത് വരുന്നുണ്ട്. ഇപ്രകാരം പിഴുത് മാറ്റുന്ന സ്ഥലങ്ങളില്‍ പകരം തദ്ദേശീയ വൃക്ഷങ്ങള്‍/പുല്ലുകള്‍ എന്നിവ വച്ചു പിടിപ്പിച്ച് സ്വാഭാവിക വനങ്ങള്‍ ആക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നുണ്ട്. പെരിയാര്‍ തടാകത്തില്‍ കണ്ടുവരുന്ന ആഫ്രിക്കന്‍ ക്യാറ്റ് ഫിഷ് പോലുള്ള വിദേശ മത്സ്യങ്ങളെ സെന്‍ട്രല്‍ മറൈന്‍ ഫിഷറീസ് റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ പിടികൂടി നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സസ്യ-ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥയെ ഇത് എത്തരത്തില്‍ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ കണ്ടെത്തലുകള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | നടത്തിയിട്ടുണ്ട്. സസ്യജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയെ വിദേശ സസ്യമായ സെന്ന എപ്രകാരം ബാധിക്കുന്നതിനെക്കുറിച്ച് കേരള വന ഗവേഷണ കേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. ഈ ചെടിയുടെ ആധിക്യം മൂലം തനത് സസ്യങ്ങള്‍ ആവാസ വ്യവസ്ഥ തകര്‍ന്ന് നശിച്ച് പോയതായി പഠനത്തില്‍ നിന്നും മനസ്സിലാക്കിയിട്ടുണ്ട്. പെരിയാര്‍ ടൈഗര്‍ റിസര്‍വ്വും കേരള ഫോറസ്റ്റ് റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ടുമായി ചേര്‍ന്ന് നടത്തിയ ഓറിയന്റേഷന്‍ പ്രോഗ്രാമില്‍ 32 ഇനം അധിനിവേശ സസ്യങ്ങളെ 98 സ്ഥലങ്ങളില്‍ നിന്നും കണ്ടെത്തുകയുണ്ടായി. ഇവയുടെ വ്യാപനം സ്വാഭാവിക ആവാസ വ്യവസ്ഥയുടെ നാശത്തിന് കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. പെരിയാര്‍ തടാകത്തില്‍ കണ്ടുവരുന്ന ആഫ്രിക്കന്‍ മുഷി പോലുള്ള വിദേശ മത്സ്യങ്ങളെ സെന്‍ട്രല്‍ മറൈന്‍ ഫിഷറീസ് റിസര്‍ച്ച് ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ സര്‍വ്വെ നടത്തിയിട്ടുള്ളതും ഇവയുടെ സാന്നിദ്ധ്യം തദ്ദേശ മത്സ്യങ്ങളുടെ നിലനില്‍പ്പിന് |

| | | | |
|---|---|---|---|
| | | | ഭീക്ഷണിയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മാങ്കുളം ഡിവിഷനിൽ ജൈവ അധിവേശം സംബന്ധിച്ച് പഠനം നടത്തിയതിൽ 30-ഓളം അധിനിവേശ സസ്യങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതാണ്. പുൽമേട്ടുകളിലെ വാറ്റിൽ അധിനിവേശത്തെ സംബന്ധിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കേരളത്തിലെ വനങ്ങളിൽ കണ്ടുവരുന്ന അധിനിവേശ സസ്യങ്ങളെ സംബന്ധിച്ച് പൊതു പഠനം കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്. |
| (സി) | ഇവ കാരണം പല പ്രദേശങ്ങളിലും കൃഷികൾ നശിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് കണ്ടുവരുന്ന വിവിധയിനം ജൈവാധിനിവേശ സസ്യങ്ങളും ജന്തുജാലങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | സെന്ന സ്പെക്ടാബിലിസ്, ലന്റാന, ആന തൊട്ടാവാടി, ധൃതരാഷ്ട്രപച്ച, പാർത്തീനിയം, വാറ്റിൽ, കമ്മ്യൂണിസ്റ്റ് പച്ച, മൂക്കണ, Wild Sage, Siam Weed, Croften Weed, Blood Flower, Bracken Fern, Eucalyptus, Giant Sensitive Weed, Matamat, Turkey berry, Liquorice Weed, Red Flower Rag Leaf, Bitter Vine, Chooda, Churuli, Hairy Beggarticks, Congress Grass, Goat Weed, Kabichedi, Toothache plant, Blue Snake Weed, Bush Morning Glory, Butterfly Pea, Horn bean leaved Sida, Knob Weed, Measles Plant, Mexican Sun Flower, Mission Grass, Railway Creeper, Red Morning Glory, Singapore, Daisy, Soft Stemmed Mint Leaf, Thottavadi മുതലായവയാണ് സംസ്ഥാനത്ത് കണ്ടുവരുന്ന വിവിധയിനം അധിനിവേശ സസ്യങ്ങൾ. ആഫ്രിക്കൻ മുഷി, ആഫ്രിക്കൻ ഒച്ച്, പിരാന മത്സ്യം, തിലോപ്പിയ, ചെഞ്ചെവിയൻ ആമ എന്നിവയാണ് അധിനിവേശ ജന്തുജാലങ്ങൾ. അധിനിവേശ സസ്യങ്ങൾ ജൈവ സമ്പത്ത് നശിപ്പിക്കുകയും, തനത് സസ്യങ്ങൾ നശിച്ചു പോകുവാനും, വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ ലഭ്യത കുറയ്ക്കുവാനും, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുവാനും കാരണമാകുന്നു. അധിനിവേശ ജന്തുജാലങ്ങൾ തദ്ദേശീയമായ ജന്തുജാലങ്ങളുടെ നിലനിൽപ്പിന് ഭീക്ഷണിയാണ്. |

സെക്ഷൻ ഓഫീസർ